# MEDIA COMMISSION
## KNANAYA CATHOLIC MISSIONS UK

***Ref. MC8/2023*** ***Date: 06/08/2023***

UK യിലെ പ്രിയ ക്നാനായ ദൈവജനമെ,

30/07/2023 ൽ ക്നാനായ പത്രം സംഘടിപ്പിച്ച ലൈവ് പരിപാടിയിൽ KCC ഭാരവാഹികൾക്കൊപ്പം പങ്കെടുത്ത UKKCA പ്രസിഡന്റ് UK യിലെ Knanaya Catholic Mission Registration Form നെ പരാമർശിക്കുമ്പോൾ തെറ്റിദ്ധാരണ പരത്തിയതായി ശ്രദ്ധയിൽ പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ആ പ്രവൃത്തി UK യിലെ ക്നാനായ സമൂഹത്തോടു ചെയ്ത ചതിയും, UK യിലെ ക്നാനായ മിഷനുകളുടെ വളർച്ചക്ക് വിഘാതവുമാണെന്ന് വിലയിരുത്തുന്നു.

അദ്ദേഹം ഉയർത്തിക്കാണിച്ച ഫോം ക്നാനായ മിഷനിൽ ഉപയോഗിക്കുന്നതല്ല. ക്നാനായക്കാർക്കു വേണ്ടി മാത്രമായി '**Knanaya Catholic Missions**' എന്ന തലക്കെട്ടോടു കൂടി വ്യതിരക്തതയിൽ തീർത്ത form ആണ് ഉപയോഗിക്കുന്നത്. UKKCA നേതൃത്വവും UK Knanaya Mission നേതൃത്വവും സംയുക്ത പ്രസ്ഥാവനയോടെ 11/09/2021 ൽ update ചെയ്തു പ്രസിദ്ധീകരിച്ച ഫോം ആണ് നിലവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതും ഉപയോഗിക്കുന്നതും.

എന്നാൽ വ്യാജ പ്രസ്താവന online മാധ്യമത്തിലൂടെ നടത്തി UK യിലെ ക്നാനായ ജനത്തെ വഞ്ചിക്കുകയും, ആഗോള ക്നാനായക്കാർക്കിടയിൽ തെറ്റിദ്ധാരണ പരത്തുകയും ചെയ്ത നിലവിലെ പ്രസിഡൻ്റിൻ്റ തന്നെ നേതൃത്വത്തിലുള്ള central committee 03/04/2023 ൽ ലിവർപൂളിൽ വച്ച് UK Knanaya mission ലെ വൈദീകരുമായി നടത്തിയ ചർച്ചയിൽ, നിലവിൽ ഉപയോഗിക്കുന്ന "ഇതേ ഫോമിൽ" കൂടുതലായി വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ചത് അന്നേ ദിവസം പ്രസിദ്ധപ്പെടുത്തിയ മീറ്റിംഗിന്റെ മിനിറ്റ്സിലൂടെ പൊതുജനത്തിന് അറിവുള്ളതാണ്.

UKKCA President ന് നിലവിലെ ഫോമിനെക്കുറിച്ച് വ്യക്തമായി അറിവുണ്ടായിട്ടും, ആ വിവരം മന:പൂർവം മറച്ചു വച്ച് ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്ന ഇത്തരം പ്രവണതകൾ തിരുത്തി, UKKCA യിലെ അംഗങ്ങളോട് വിശ്വസ്തതയും, നീതിയും പുലർത്തി ജനങ്ങളുടെ വിശ്വാസത്തിനും, സഭാത്മക ജീവിതത്തിനും വിഘാതമുണ്ടാക്കുന്ന പ്രവർത്തികളിൽ നിന്നും പിന്തിരിയണമെന്ന് സ്നേഹബുദ്ധ്യാ ഓർമിപ്പിക്കട്ടെ.

Fr. Jose

**Fr Jose Thekkunilkkunnathil**
(Convener)
Media Commission
Knanaya Catholic Missions, UK

Tommy Jose

**Mr Tommy Padapurackal**
(Secretary)

**Members:** Fr Shanju Kochuparambil, Dn Anil Lukose, Mr George Pattiyal

Media Commission Knanaya Catholic Missions UK